# രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ : ഒരു പഠനം

**ഡോ. ഡോമിനിക്ക് വെച്ചൂർ, ബ്ര. തോമസ് തയ്യിൽ**

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖകൾ പ്രാധാന്യമനുസരിച്ച് മൂന്നു വിഭാഗങ്ങളായി വിഭജിക്കുന്നുണ്ട്: കോൺസ്റ്റിറ്റ്യൂഷനുകൾ, ഡിക്രികൾ, പ്രഖ്യാപനങ്ങൾ. ഈ പഠനപരമ്പരയിൽ ആദ്യം നാലു കോൺസ്റ്റിറ്റ്യൂഷനുകൾ പഠനവിധേയമാക്കുന്നു. തുടർന്ന് ഒമ്പത് ഡിക്രികളും മൂന്നു പ്രഖ്യാപനങ്ങളും. ഓരോ ഗണത്തിലും രേഖകൾ അവ പ്രസിദ്ധീകരിക്കപ്പെട്ട ക്രമമനുസരിച്ചാണ് പഠനവിഷയമാക്കുന്നത്. നാലു കോൺസ്റ്റിറ്റ്യൂഷനുകളിൽ ഏറ്റവും ആദ്യം പ്രസിദ്ധീകരിക്കപ്പെട്ട ആരാധനാക്രമം സംബന്ധിച്ച കോൺസ്റ്റിറ്റ്യൂഷനോടുകൂടി നമ്മുടെ പഠനം ആരംഭിക്കാം.

**1.ആരാധനാക്രമത്തെ സംബന്ധിച്ചുള്ള കോൺസ്റ്റിറ്റ്യൂഷൻ.**

a.) **അല്പം ചരിത്രം**: രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ ഏറ്റവും ആദ്യത്തെ പ്രമാണരേഖയാണ് ആരാധനാക്രമത്തെ സംബന്ധിച്ച കോൺസ്റ്റിറ്റ്യൂഷൻ. 1963 ഡിസംബർ 04ന് ഇത് പ്രസിദ്ധീകൃതമായി. സാക്രോസാങ്തും കൊൺചീലിയും (Sacrosanctum Concilium = പരിശുദ്ധ സൂനഹദോസ്) എന്നതാണ് ഈ പ്രമാണരേഖയുടെ ലത്തീൻ പേര്. സൂനഹദോസിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്നായ ക്രിസ്തീയജീവിത നവീകരണവും സഭാനവീകരണവും സാക്ഷാത്കരിക്കുവാൻ പിതാക്കന്മാർ ഏറ്റവും ആദ്യം ശ്രദ്ധതിരിച്ചത് സഭയുടെ ശ്രേഷ്ഠമായ ദൈവാരാധനയിലേക്കാണ് (n.1). ക്രിസ്തീയസമൂഹത്തിന് രൂപം കൊടുക്കുന്നതിലും ക്രിസ്തീയ ജീവിതത്തിന്റെ നവീകരണത്തിലും ലിറ്റർജിക്കുള്ള പ്രാധാന്യം ഇപ്രകാരം സഭ പ്രഖ്യാപനം ചെയ്തു. ക്രിസ്തീയജീവിതത്തിന്റെ അന്തർധാരയും ജീവിതവിശുദ്ധിയുടെ മഹനീയമായ പ്രകാശനവുമാണ് ആരാധനാക്രമ ജീവിതം, വിശിഷ്യ ബലിയും വിരുന്നുമായ പരി. കുർബാന എന്ന കൂദാശ. ഈ പ്രമാണരേഖയിൽ ആരാധനാക്രമനവോത്ഥാനത്തിന്റെ പൊതുതത്ത്വങ്ങൾ, ബലിയും വിരുന്നുമായ വി. കുർബാന എന്ന രഹസ്യം, കൂദാശകളും കൂദാശാനുകരണങ്ങളും, യാമപ്രാർത്ഥനകൾ, ആരാധനാക്രമവത്സരം, ദൈവാലയസംഗീതം, വി. കലകൾ എന്നീ വിഷയങ്ങളെപ്പറ്റി ഏഴ് അദ്ധ്യായങ്ങളിലായി പ്രതിപാദിക്കുന്നു.

b.) **പ്രധാന ചിന്തകൾ**

i.) **റീത്തുകളുടെ തുല്യമായ ശ്രേഷ്ഠത:**

പ്രമാണരേഖയുടെ പ്രാരംഭ ഭാഗത്തു തന്നെ സഭയിലെ വിവിധ റീത്തുകളുടെ തുല്യത കൗൺസിൽ പിതാക്കന്മാർ ഊന്നിപ്പറയുന്നു. നിയമാനുസൃതം അംഗീകൃതമായ എല്ലാ റീത്തുകൾക്കും തിരുസഭാമാതാവ് തുല്യാവകാശവും ശ്രേഷ്ഠതയുമാണ് കൽപിക്കുന്നത്. ആകയാൽ ഭാവിയിലും അവയെ പരിരക്ഷിച്ചുകൊണ്ടുവരാൻ അവൾ ആഗ്രഹിക്കുന്നു... (n.4). കത്തോലിക്കാസഭ വിവിധ സഭകളുടെ കൂട്ടായ്മയാണെന്ന പരി. സൂനഹദോസിന്റെ വ്യക്തമായ പ്രബോധനത്തിന്റെ പ്രഥമസൂചന നാമിവിടെ കാണുന്നു.

ii.)ആരാധനാക്രമത്തിന്റെ പ്രാധാന്യം:

മനുഷ്യവിശുദ്ധീകരണവും ദൈവമഹത്ത്വവും നിർവ്വഹിക്കപ്പെടുന്ന ആരാധനാക്രമം മിശിഹായുടെയും അവിടുത്തെ മൗതികശരീരമായ സഭയുടെയും പ്രവൃത്തിയാണ്. ഈശോയിൽ പൂർത്തിയായ രക്ഷാകരരഹസ്യങ്ങളുടെ, പ്രത്യേകിച്ച് പെസഹാരഹസ്യങ്ങളുടെ ആഘോഷമായ ദൈവാരാധനയിലൂടെ സത്യസഭയുടെ യഥാർത്ഥ സ്വഭാവം വിശ്വാസികൾ സ്വജീവിതത്തിൽ പകർത്തുകയും മറ്റുള്ളവർക്കു പകർന്നുകൊടുക്കുകയും ദൈവത്തെ ആരാധിക്കുകയും ചെയ്യുന്നു. ആരാധനാക്രമം ഒരേസമയം സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള ആരാധനയാണ്. കൂടാതെ മിശിഹായുടെ സജീവമായ സാന്നിധ്യവും ആരാധനാശുശ്രൂഷകളിലുണ്ട്. ഈ ദൈവാരാധനയാണ് സഭയുടെ എല്ലാ പ്രവർത്തനങ്ങളുടെയും ഉറവിടവും അത്യുച്ചിയും (nos. 5þ10). ആരാധനാക്രമചൈതന്യത്തോട് ചേർന്നുപോകുന്ന രീതിയിൽ വിശ്വാസികളുടെ ഇടയിലെ ഭക്താനുഷ്ഠാനങ്ങൾ ക്രമീകരിക്കണമെന്ന് ഈ രേഖ ഓർമ്മപ്പെടുത്തുന്നുണ്ട് (n. 13).

iii.) ആരാധനാക്രമത്തിലെ സജീവ ഭാഗഭാഗിത്വം:

ആരാധനാക്രമത്തിൽ, വിശിഷ്യ പരി. കുർബാനയിൽ വിശ്വാസികൾ ബോധപൂർവ്വവും സജീവവും ഫലപ്രദവുമായി പങ്കുചേരണം. പ്രമാണരേഖ ഓർമ്മിപ്പിക്കുന്നു: “”വിശ്വാസത്തിന്റെ ഈ രഹസ്യത്തിൽ വിശ്വാസികൾ ‘ഭാഗഭാക്കാകു മ്പോൾ അപരിചിതരെപ്പോലെയോ നിശബ്ദരായ പ്രേക്ഷകരെപ്പോലെയോ ആകരുതെന്നാണ് തിരുസഭാമാതാവിന്റെ അഭിലാഷം. മറിച്ച് തിരുക്കർമ്മങ്ങളുടെയും പ്രാർത്ഥനകളുടെയും അർത്ഥം ഗ്രഹിച്ച് തങ്ങൾ ചെയ്യുന്നത് എന്താണെന്നുള്ള ബോധത്തോടും ഭക്തിയോടും സഹകരണത്തോടും കൂടിവേണം അവർ ഇതിൽ പങ്കെടുക്കുവാൻ...” (n. 48). ആരാധനാക്രമത്തിലെ പ്രാർത്ഥനകളും ഗീതങ്ങളും അനുഷ്ഠാനവിധികളും ദൈവാലയകലകളും അലങ്കാരങ്ങളും ഒക്കെ തിരുക്കർമ്മങ്ങളിലുള്ള സജീവഭാഗഭാഗിത്വത്തിന് ആരാധനാസമൂഹത്തെ സഹായിക്കുന്ന ഘടകങ്ങളാണ്. ഇവവഴി ദൈവാരാധനയിൽ സംബന്ധിക്കുന്നവരുടെ വിശ്വാസം പരിപുഷ്ടമാവുകയും മനസ്സ് ദൈവത്തിങ്കലേക്ക് ഉയരുകയും ചെയ്യുന്നു.

**iv.)** ആരാധനാക്രമ പരിഷ്കരണം:

ആരാധനാക്രമ കാര്യങ്ങളിലെ സജീവ ഭാഗഭാഗിത്വം ഉറപ്പുവരുത്തുന്നതിന് ഉപയുക്തമായ രീതിയിൽ അവ കാലോചിതമായി പരിഷ്കരിക്കേണ്ടതാണെന്ന് കൗൺസിൽ പിതാക്കന്മാർ ഓർമ്മിപ്പിക്കുന്നു (‍്. 21). ദൈവശാസ്ത്രം, ചരിത്രം, അജപാലനം എന്നിവ കൺമുമ്പിൽ വച്ചുകൊണ്ടായിരിക്കണം ഇവ നടത്തേണ്ടത്. ആരാധനാകർമ്മങ്ങൾ രഹസ്യാചാരങ്ങളല്ല, മറിച്ച് സഭയുടെ ആഘോഷപൂർവ്വമായ ചടങ്ങുകളാണെന്നതിനാൽ വളരെ ശ്രദ്ധാപൂർവ്വം നടത്തേണ്ട ഈ ആരാധനാക്രമപരിഷ്കരണത്തിനുള്ള പൊതു നിർദ്ദേശങ്ങളും നിയമങ്ങളും ഈ പ്രമാണരേഖ വ്യക്തമായി നൽകുന്നുണ്ട് (nos. 22þ40)

**വി. കുർബാന എന്ന മഹാരഹസ്യം**:

പരി. കുർബാനയെക്കുറിച്ച് വളരെ മനോഹരമായ ഒരു പ്രതിപാദനം ഈ പ്രമാണരേഖ നൽകുന്നുണ്ട്; “”നമ്മുടെ രക്ഷകൻ അവിടുത്തെ തിരുശരീരരക്തങ്ങളുടെ ബലിയായ വി. കുർബാന അവിടുന്ന് ഒറ്റിക്കൊടുക്കപ്പെട്ട രാത്രിയിൽ ഒടുവിലത്തെ അത്താഴവേളയിൽ സ്ഥാപിച്ചു. കുരിശിലെ തന്റെ ബലി തന്റെ പുനരാഗമനം വരെ തുടർന്നുകൊണ്ടുപോകുവാൻ വേണ്ടിയായിരുന്നു അവിടുന്ന് അങ്ങനെ ചെയ്തത്. ഇതുവഴിയായി തന്റെ പ്രിയതമയായ സഭയെ അവിടുത്തെ മരണത്തിന്റെയും ഉത്ഥാനത്തിന്റെയും സ്മരണ ഭരമേല്പിച്ചു. വി. കുർബാന സ്നേഹത്തിന്റെ കൂദാശയും ഐക്യത്തിന്റെ അടയാളവും ഉപവിയുടെ ഉടമ്പടിയുമാണ്. ഇത് ഒരു പെസഹാവിരുന്നും കൂടിയാണ്. അതിൽ മിശിഹാ നമ്മുടെ ഭക്ഷണമായിത്തീരുകയും നമ്മുടെ ആത്മാവ് ദൈവപ്രസാദം കൊണ്ട് നിറയുകയും ഭാവിമഹത്ത്വത്തിന് ഇത് അച്ചാരമായി ഭവിക്കുകയും ചെയ്യും’(n. 47). ഈ പ്രപഞ്ചത്തിലെ ഏറ്റവും ശ്രേഷ്ഠമായ പ്രാർത്ഥനയായ വി. കുർബാനയിൽ ആരാധനാസമൂഹം സജീവമായി പങ്കുചേരണമെന്നും അതിനുപയുക്തമായ രീതിയിൽ തിരുവചനവായനകളും വചനവ്യാഖ്യാനങ്ങളും സമൂഹപ്രാർത്ഥനകളും ക്രമപ്പെടുത്തണമെന്നും പിതാക്കന്മാർ ഓർമ്മിപ്പിക്കുന്നു.

**ഇതര കൂദാശകളും കൂദാശാനുകരണങ്ങളും**:

കൂദാശകളുടെ ദൈവശാസ്ത്ര അടിത്തറ പിതാക്കന്മാർ വ്യാഖ്യാനിക്കുന്നുണ്ട്. മനുഷ്യനെ വിശുദ്ധീകരിക്കുക, മിശിഹായുടെ മൗതികശരീരമായ സഭയെ പടുത്തുയർത്തുക, സർവ്വോപരി ദൈവത്തിന് ആരാധന സമർപ്പിക്കുക എന്നിവയാണ് കൂദാശകളുടെ ലക്ഷ്യങ്ങൾ (n. 59). കൂദാശാനുകരണങ്ങളാകട്ടെ കൂദാശകളോട് സാധർമ്മ്യമുള്ള സംപൂജ്യമായ പ്രതീകങ്ങളാണ് (n. 60).

**യാമപ്രാർത്ഥനകൾ**:

പൗരാണിക കാലം മുതലുള്ള ക്രൈസ്തവപാരമ്പര്യം യാമപ്രാർത്ഥനകൾക്കുണ്ടെന്ന് പ്രമാണരേഖ പഠിപ്പിക്കുന്നു. ഇവ ചൊല്ലുമ്പോൾ അത് മണവാളനോട് സംഭാഷിക്കുന്ന മണവാട്ടിയുടെ യഥാർത്ഥസ്വരം തന്നെയായിത്തീരുന്നു. മിശിഹാ തന്റെ മൗതികശരീരത്തോടൊന്നിച്ച് പിതാവിന് സമർപ്പിക്കുന്ന പ്രാർത്ഥനയാണ് യാമപ്രാർത്ഥന (nos. 83þ85). യാമപ്രാർത്ഥനകൾ വഴി ദിവസംമുഴുവനും ദൈവസ്തുതിക ൾക്കൊണ്ട് നിറയ്ക്കാനും സഭയുടെ ഈ പൗരാണിക പാരമ്പര്യം കഴിവുള്ളിടത്തോളം ദൈവജനം മുഴുവനും ചേർന്നുനടത്താനും പിതാക്കന്മാർ ഉദ്ബോധിപ്പിക്കുന്നു.

**ആരാധനാവത്സരം**:

ഈശോയുടെ മനുഷ്യാവതാരം മുതൽ അവിടുത്തെ മഹത്ത്വപൂർണ്ണമായ രണ്ടാമത്തെ വരവുവരെയുള്ള രക്ഷാകരരഹസ്യങ്ങൾ ഒരാണ്ടുവട്ടത്തിൽ തിരുസഭ അനുസ്മരിക്കുന്നു. ഞായറാഴ്ചയുടെ സവിശേഷപ്രാധാന്യവും മാതാവിന്റെയും ഇതരവിശുദ്ധരുടെയും തിരുനാളുകളുടെ പ്രാധാന്യവും പ്രമാണരേഖ അനുസ്മരിക്കുന്നുണ്ട്.